പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 314 — 27.09.2011-ൽ മറുപടിയ്ക്ക്

## ആറ്റിങ്ങൽ മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. സത്യൻ : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) മുൻസർക്കാർ നടപ്പിലാക്കിയ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി തുടർന്ന് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) സമ്പൂർണ്ണ വൈദ്യുതീകരണം ലക്ഷ്യമാക്കി ആരംഭിച്ച ആർ.ജി.ജി.വി.വൈ പദ്ധതി വടക്കൻ മേഖലയിൽ 6 ജില്ലകളിൽ നടന്നുവരുന്നു. തെക്കൻ മേഖലയിലും നടപ്പാക്കുന്നതിന് തത്വത്തിൽ അനുമതി ആയിട്ടുണ്ട്. ഇത് കൂടാതെ എം.പി/എം.എൽ.എ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവർ ടി പ്രവർത്തികൾക്ക് ആവശ്യമായ ഫണ്ടുകൾ ലഭ്യമാക്കുകയാണെങ്കിൽ സമ്പൂർണ്ണ വൈദ്യുതീകരണം എന്ന ലക്ഷ്യം പൂർത്തിയാക്കാമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) പ്രസ്തുത പദ്ധതി പ്രകാരം ആറ്റിങ്ങൽ മണ്ഡലത്തിൽ എം. പി., എം. എൽ. എ., ആറ്റിങ്ങൽ നഗരസഭ, മറ്റ് പഞ്ചായത്തീരാജ് സ്ഥാപനങ്ങൾ എന്നിവ എല്ലാം കൂടി എത്ര രൂപയുടെ വിഹിതം ബോർഡിൽ അടച്ചിട്ടുണ്ട് ; | (ബി) ജില്ലാ പഞ്ചായത്തിൽ നിന്നും 5 ലക്ഷം രൂപ അടച്ചിട്ടുണ്ട്. |
| (സി) ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുവെങ്കിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; | (സി) & (ഡി) ആറ്റിങ്ങൽ മണ്ഡലത്തിൽ ആർ.ജി.ജി.വി.വൈ പദ്ധതി പ്രകാരമുള്ള ബി.പി. എൽ സർവ്വേ നടന്നു വരികയാണ്. സർവ്വേ പൂർത്തീകരിച്ച് പ്രസ്തുത പദ്ധതിയിൽ |

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നില്ല എങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടച്ച തുക തിരികെ നൽകാൻ നടപടി സ്വീകരിക്കുമോ ?

പ്പെടുത്തി വൈദ്യുതീകരിക്കാവുന്ന പ്രദേശങ്ങളുടെ വൈദ്യുതീകരണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയതിനു ശേഷം ബാക്കി വരുന്ന പ്രദേശങ്ങൾ വൈദ്യുതീകരിക്കാനുള്ള തുക പഞ്ചായത്ത്/ എം.പി/എം.എൽ.എ ഫണ്ടിൽ നിന്നും ലഭ്യമാക്കിയാൽ സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തീകരിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ.